## പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7085 02.11.2011-ൽ മറുപടിയ്ക്ക്

## മൂന്നാർ ടൂറിസം വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, എസ് രാജേന്ദ്രൻ<br>,, കെ. കെ. ജയചന്ദ്രൻ<br>,, കെ. സുരേഷ് കുറുപ്പ് | | | **ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) | മൂന്നാർ ടൂറിസം മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള മുഖ്യ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഇവ ഓരോന്നും എന്നത്തേക്ക് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ; | (എ) | മൂന്നാർ ടൂറിസം മേഖലയിലെ മൂന്നാർ, ചിന്നക്കനാൽ, പള്ളിവാസൽ, വട്ടവട, കാന്തല്ലൂർ, ദേവികുളം എന്നീ പഞ്ചായത്തുകളിലെ ടൂറിസം കേന്ദ്രങ്ങളുടെ വികസനവും പരിപാലനവുമാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടൂറിസം കേന്ദ്രങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതു സംബന്ധിച്ച നടപടികൾ പൂർത്തിയാകാത്തതിനാൽ ഈ നിർദ്ദേശങ്ങൾ എന്ന് നിലവിൽ വരുമെന്ന് പറയാനാകില്ല. |
| (ബി) | മുൻ സർക്കാർ ഇതിനായി രൂപീകരിച്ച സംവിധാനം എന്താണ്; അതിലെ അംഗങ്ങൾ ആരൊക്കെയാണ്? | (ബി) | മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് പ്രത്യേക സംവിധാനമൊന്നും മുൻ സർക്കാർ രൂപീകരിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ